ലേഖനം

അബ്ദുൽ ഹകീം നദ്‌വി

## മതാത്മക ബഹുസ്വരത

# പൊതുപ്രശ്നങ്ങൾ അഭിമുഖീകരിക്കുമ്പോൾ

**വ്യത്യസ്ത** ജാതി-മത-ഭാഷകൾ സംഗമിക്കുന്ന ബഹുമുഖ സമൂഹത്തിൽ ജീവിക്കുമ്പോൾ ഏറെ ആലോചിച്ചും ചിന്തിച്ചും കൈകാര്യം ചെയ്യേണ്ട കുറെ പൊതുപ്രശ്നങ്ങളുണ്ട്. ഇത്തരം പ്രശ്നങ്ങൾ മുൻപിൻ നോക്കാതെ ലാഘവത്തോടെ കൈകാര്യം ചെയ്യുന്നതുകൊണ്ടുണ്ടായ ദോഷങ്ങൾ ചില്ലറയല്ല. മുസ്‌ലിംകൾ മാത്രമുണ്ടായിരുന്ന മധ്യകാലനൂറ്റാണ്ടിൽ രൂപപ്പെട്ട കർമശാസ്ത്ര വീക്ഷണങ്ങളുടെ പിൻബലത്തിലല്ല ഇവയെ അഭിമുഖീകരിക്കേണ്ടത്. പ്രവാചക കാലഘട്ടത്തിലും ശേഷവും ഉണ്ടായിരുന്ന ബഹുസ്വര സമൂഹത്തിൽ സ്വീകരിച്ച നിലപാടുകൾ കാലികമായി വിലയിരുത്തിയും പുതുതായി ആവശ്യം വരുന്നത് പ്രസ്തുത സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ കണ്ടെത്തിയുമാണ് നവലോകക്രമത്തിലെ സാമൂഹിക പ്രശ്നങ്ങളെ സമീപിക്കേണ്ടത്.

ദാനധർമങ്ങൾ മുതൽ ബലിമാംസം വരെ മുസ്‌ലിം സമൂഹത്തിന് പുറത്തു കടത്താൻ അനുവദിക്കാത്ത കർമശാസ്ത്ര 'മസ്അല'കളും നിയമങ്ങളുമാണ് അവർക്കിടയിൽ നിലനിൽക്കുന്നത്. സഹോദര സമുദായങ്ങളുടെ ആഘോഷാനുഷ്ഠാനങ്ങളും മതചടങ്ങുകളുമായി ബന്ധപ്പെട്ട ഒട്ടും വിശാലമല്ലാത്ത നയനിലപാടുകളും വിവാഹം, അനന്തരാവകാശം തുടങ്ങിയ വിഷയങ്ങളിലുള്ള അമിത കാർക്കശ്യവും മുസ്‌ലിം സമൂഹത്തെ അപരവൽക്കരിക്കുന്നതിൽ ചെറുതല്ലാത്ത പങ്ക് വഹിച്ചിട്ടുണ്ട്. ഗ്രാമ-നഗര ഭേദമന്യേ എഴുതിയ ചുമരെഴുത്തുകളും പതിച്ച പോസ്റ്ററുകളും മുസ്‌ലിമല്ലാത്തവർ വായിക്കുമ്പോഴുണ്ടാകുന്ന ആശയക്കുഴപ്പങ്ങളും അന്തഃസംഘർഷങ്ങളും പുറമെയും.

ഒരു ബഹുസ്വര സമൂഹത്തിൽ ജീവിക്കുമ്പോൾ ഇത്തരം പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ടത് പൊതുസമൂഹത്തെ പരിഗണിച്ചു കൊണ്ടായിരിക്കണമെന്നത് സാമാന്യപൊതുതത്ത്വവും ഇസ്‌ലാമിക പ്രകൃതവുമാണ്. 'ഞങ്ങൾ', 'നിങ്ങൾ' പ്രയോഗങ്ങൾക്കുപരി 'നമ്മൾ' പ്രയോഗത്തിനാണ് ഒരു ബഹുസ്വര സമൂഹത്തിൽ എപ്പോഴും മേൽകൈ ഉണ്ടായിരിക്കേണ്ടത്. സമൂഹത്തെ പൊതുവായി അഭിസംബോധന ചെയ്യുന്ന ദൈവിക ബോധനങ്ങളുടെ പ്രായോഗികവൽക്കരണം അതിലൂടെ

മാത്രമേ സാധ്യമാവുകയും ചെയ്യൂ. അഥവാ, പ്രായോഗിക രംഗത്ത് ചില കുരുക്കുകൾ ഇനിയും അഴിയേണ്ടതുണ്ട്.

## സകാത്ത്, സ്വദഖ
## മറ്റ് സഹായ സഹകരണങ്ങൾ

സാമൂഹിക ക്ഷേമം ഇസ്‌ലാമിന്റെ പൊതു താൽപര്യമാണ്. പൊതു സമൂഹത്തിലെ ദാരിദ്ര്യം നിർമാർജനം ചെയ്യലും സാമ്പത്തികമായി അവരുടെ പുരോഗതി ഉറപ്പു വരുത്തലും ഇസ്‌ലാം ലക്ഷ്യമാക്കുന്നു. ഒരു ബഹുസ്വര സമൂഹത്തിലെ മുസ്‌ലിംകൾ അവരുടെ സകാത്ത്, സ്വദഖ, മറ്റ് സഹായ സഹകരണങ്ങൾ പ്രസ്തുത ലക്ഷ്യസാക്ഷാത്കാരത്തിനായി വിനിയോഗിക്കേണ്ടതുണ്ട്. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പരിഗണിച്ചു കൊണ്ട് ഇത് നിർവഹിക്കുമ്പോൾ മാത്രമാണ് സർവതോമുഖമായ സാമൂഹിക പുരോഗതി ഉറപ്പ് വരുത്താനാവുക.

മാനവിക ബന്ധങ്ങളെ സാമുദായികമായി നിർവചിക്കുന്നതും നിർണിതപ്പെടുത്തുന്നതും ഖുർആനിക കാഴ്ചപ്പാടിന് വിരുദ്ധമാണ്. മാതാപിതാക്കൾ, കുടുംബം, അയൽപക്കം, അനാഥർ, അഗതികൾ, സഹയാത്രികർ, തൊഴിലാളികൾ തുടങ്ങി നാനാ വിഭാഗങ്ങളിലുംപെട്ട ജനങ്ങളുമായുള്ള ബന്ധം സാമുദായികമായി പരിമിതപ്പെടുത്തുന്നതിന് ഖുർആനിക പിൻബലമില്ലെന്ന് പ്രത്യക്ഷ വായനയിലൂടെ തന്നെ ബോധ്യപ്പെടും. സാമുദായികതയല്ല സാമൂഹികതയാണ് ഇസ്‌ലാമിന്റെ പ്രകൃതം. ബന്ധങ്ങൾ സാമൂഹികമായി നിർണയിക്കുമ്പോൾ അവർക്ക് നൽകുന്ന സഹായസഹകരണങ്ങളിലും സാമൂഹികത നിലനിർത്താൻ സാധിക്കണം.

ഖുർആൻ പറയുന്നു: "പ്രവാചകരേ, ജനങ്ങളെ സന്മാർഗത്തിലാക്കേണ്ട ഉത്തരവാദിത്വം താങ്കൾക്കില്ല. അല്ലാഹു അവനിഛിക്കുന്നവരെ സന്മാർഗത്തിലാക്കുന്നു. ധർമമാർഗത്തിൽ നിങ്ങൾ ചെലവഴിക്കുന്നതെന്തും നിങ്ങൾക്ക് വേണ്ടി തന്നെയുള്ള നന്മയാകുന്നു. നിങ്ങൾ ചെലവഴിക്കുന്നത് അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ച് മാത്രമാണല്ലോ. ധർമമാർഗത്തിൽ നിങ്ങൾ ചെലവഴിക്കുന്നതെന്തും നിങ്ങൾക്ക് പരിപൂർണമായി പ്രതിഫലം നൽകപ്പെടുന്നതാകുന്നു. നിങ്ങളുടെ അവകാശം തെല്ലും ഹനിക്കപ്പെടുന്നതല്ല" (*അൽബഖറ* 272). മുസ്‌ലിംകളല്ലാത്ത ബന്ധുക്കളെയും ദരിദ്രരെയും സഹായിക്കുന്നതിൽ ആരംഭകാലത്തുണ്ടായിരുന്ന മുസ്‌ലിംകളുടെ സങ്കോചത്തെ തിരുത്തിക്കൊണ്ടാണ് ഈ സൂക്തം അവതീർണമാകുന്നത്. മുസ്‌ലിംകളായ അഗതികളെയും ബന്ധുക്കളെയും സഹായിക്കുന്നത് മാത്രമേ 'അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്ക'ലാവുകയുള്ളൂവെന്ന് അവർ ധരിച്ച് വശായിരുന്നു. ഈ തെറ്റിദ്ധാരണ പ്രസ്തുത വാക്യത്തിലൂടെ ദൂരീകരിക്കുകയാണ് അല്ലാഹു ചെയ്തത്.

മേൽ സൂക്തത്തിന്റെ അവതരണ പശ്ചാത്തലമായി ഖുർആൻ വ്യാഖ്യാതാക്കൾ ഉദ്ധരിക്കുന്ന സംഭവം ഏറെ ശ്രദ്ധേയമാണ്. പ്രവാചകാനുയായികൾ മുസ്‌ലിംകളല്ലാത്തവർക്കും ദാനം ചെയ്യാറുണ്ടായിരുന്നു. പിന്നീട് ഇത്തരക്കാർ വർധിച്ചപ്പോൾ ദാനധർമം മുസ്‌ലിംകൾക്ക് മാത്രമേ നൽകേണ്ടതുള്ളൂവെന്ന് പ്രവാചകൻ അവരോട് നിർദേശിച്ചു. രണ്ട് കാരണങ്ങളാലായിരുന്നു ആ തീരുമാനം. ഒന്ന്, എല്ലാവർക്കും കൊടുക്കാൻ അവർ നന്നേ പ്രയാസപ്പെടുന്നുണ്ടായിരുന്നു. രണ്ട്, അവർക്ക് കൊടുക്കാതിരുന്നാൽ താമസിയാതെ അവർ മുസ്‌ലിംകളാകാനിടയുണ്ട്. ഒന്നാമത്തേത് പ്രയാസം ലഘൂകരിക്കാൻ വേണ്ടിയായിരുന്നെങ്കിൽ രണ്ടാമത്തേത് ഒരു അടവുനയമായിരുന്നു. പ്രവാചകന്റെ ഈ തീരുമാനത്തെ തിരുത്തിക്കൊണ്ടാണ് ഈ സൂക്തം അവതീർണമാകുന്നത്. സൂക്തത്തിലെ അഭിസംബോധന പ്രവാചകനോടാണ് എന്നതും പ്രത്യേകം ശ്രദ്ധിക്കുക (ഇബ്നു അബ്ബാസ്, ഇബ്നുഹാതിം, ത്വബ്‌രി). ബഹു

ദൈവവിശ്വാസിയായിരുന്ന തന്റെ മാതാവിന് സഹായസഹകരണങ്ങൾ നൽകാൻ അനുവാദമുണ്ടോയെന്ന അസ്മാഅ്(റ)ന്റെ അന്വേഷണത്തിന് മറുപടി ഈ ഖുർആനികാധ്യാപനത്തിന്റെ വെളിച്ചത്തിലാണ് പ്രവാചകൻ നൽകുന്നത്.

ഇസ്‌ലാമിനോട് കഠിനശത്രുത വെച്ചു പുലർത്തുന്നവർക്ക് പോലും വാരിക്കോരി നൽകുന്ന നിലപാടായിരുന്നു പ്രവാചകന്റേത്. അത്തരം സംഭവങ്ങൾ ധാരാളമായി ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. സുഫ്‌യാനുബ്നു ഉമയ്യ പറയുന്നു: "ജനങ്ങളിൽ വെച്ചേറ്റവും വെറുപ്പുള്ളവനായിരുന്നു എനിക്ക് പ്രവാചകൻ. ആ സമയത്ത് പ്രവാചകൻ എനിക്ക് ദാനധർമം നൽകിയിരുന്നു. പിന്നീട് അതു തുടർന്നു കൊണ്ടിരുന്നു. ഒടുവിൽ പ്രവാചകൻ എനിക്ക് ഏറ്റവും പ്രിയപ്പെട്ടവനായി മാറി." അബൂസുഫ്‌യാനുബ്നു ഹർബ്, അഖ്റഅ് ബ്നു യാബിസ്, ഉയയ്നതു ബ്നു ഹിസ്ൻ തുടങ്ങിയ കഠിന ഇസ്‌ലാം വിരോധികൾക്ക് ഒരിക്കൽ നൂറ് ഒട്ടകങ്ങൾ വീതം നൽകിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഹിജ്റ അഞ്ചാം വർഷം മക്കയിൽ ദാരിദ്ര്യവും ക്ഷാമവും ബാധിച്ചപ്പോൾ ഭക്ഷ്യധാന്യങ്ങൾ പ്രവാചകൻ മക്കയിലേക്ക് കൊടുത്തയക്കുകയുണ്ടായി. ഇബ്നു അബ്ബാസ് പറയുന്നു: "ദാനം നൽകിയാൽ പ്രശംസിക്കുകയും നൽകിയില്ലെങ്കിൽ അധിക്ഷേപിക്കുകയും ചെയ്തിരുന്നവർ പ്രവാചകന്റെയടുക്കൽ വരികയും അവർക്ക് ധാരാളമായി അദ്ദേഹം നൽകുകയും ചെയ്തിരുന്നു."

ഐഛിക ദാനധർമങ്ങൾ മാത്രമല്ല നിർബന്ധ സകാത്ത് വിഹിതവും പൊതു സമൂഹത്തിന് അവകാശപ്പെട്ടതാണെന്ന് ഇസ്‌ലാമിന്റെ പ്രകൃതത്തിൽനിന്ന് മനസ്സിലാക്കാനാകും. മുസ്‌ലിംകൾ മാത്രമുണ്ടായിരുന്ന സൊസൈറ്റിയിൽ ജീവിച്ച ഇക്രിമ, ഇബ്നു സീരീൻ, സുഹ്‌രി തുടങ്ങിയ പണ്ഡിതന്മാർ പോലും സകാത്ത് മുസ്‌ലിംകളല്ലാത്തവർക്ക് കൂടി അവകാശപ്പെട്ടതാണെന്ന അഭിപ്രായക്കാരാണ്. സകാത്തിന്റെ അവകാശികളായി ഖുർആൻ നിർണയിച്ച എട്ട് വിഭാഗത്തിൽ ഇവരും ഒരു വിഭാഗമാണെന്നല്ല ഈ പറഞ്ഞതിന്റെയർഥം; എല്ലാ വിഭാഗങ്ങളിലും ഇവരും ഉൾപ്പെടും എന്നാണ്. ഉമർ(റ) ഒരു ജൂതനും അദ്ദേഹത്തിന്റെ കുടുംബത്തിനും ധാരാളമായി ധനം നൽകി. തെളിവായി സകാത്തിന്റെ അവകാശികളെ നിശ്ചയിച്ച് അവതീർണമായ സൂറ *തൗബ*യിലെ 60-ാം സൂക്തം പാരായണം ചെയ്ത് അദ്ദേഹം പറഞ്ഞു: "ഇവർ വേദക്കാരിലെ അഗതികളാകുന്നു" (കിതാബുൽ ഖറാജ്). ഉമറുബ്നു അബ്ദിൽ അസീസും ഇപ്രകാരം നൽകിയിരുന്നതായി കാണാം.

ഇബ്നു അബീശൈബ ജാബിർ ബ്നു സൈദ്(റ)നോട് ചോദിച്ചു: "സകാത്ത് ആർക്കാണ് നൽകേണ്ടത്?" "സമൂഹത്തിലെ മുസ്‌ലിംകൾക്കും ദിമ്മികൾക്കും നൽകുക." പിന്നീട് അദ്ദേഹം പറഞ്ഞു: "പ്രവാചകൻ(സ) ദിമ്മികൾക്ക് സ്വദഖയും സമരാർജിത ധനവും വീതിക്കാറുണ്ടായിരുന്നു." ഉമർ(റ), ഉമർബ്നു അബ്ദിൽ അസീസ് തുടങ്ങിയവരെല്ലാം ബൈതുൽമാലിൽ നിന്നുമാണ് ഇവർക്ക് നൽകിയിരുന്നത്. ബൈതുൽമാലിൽനിന്നും ഐഛിക ദാനമായ സ്വദഖ നൽകാറുണ്ടായിരുന്നില്ല. മറിച്ച് നിർബന്ധ സകാത്ത് വിഹിതമാണ് നൽകിയിരുന്നത്.

സകാത്തിന്റെ അവകാശികളായി നിർണയിച്ചവരിൽ മുസ്‌ലിംകൾ മാത്രമേ ഉൾപ്പെടൂ എന്ന് കരുതാൻ കൂടുതൽ ന്യായമുള്ള വിഭാഗമാണ് ദൈവമാർഗത്തിലുള്ളവർ (ഫീ സബീലില്ലാഹ്). ഈ വിഭാഗത്തെ വിശദീകരിച്ചു കൊണ്ട് സയ്യിദ് റശീദ് രിദാ *തഫ്സീറുൽ മനാറി*ൽ എഴുതുന്നു: "ദീനിന്റെയും രാഷ്ട്രത്തിന്റെയും നിലനിൽപിനാധാരമായ എല്ലാ പൊതു നന്മകളെയും ഉൾക്കൊള്ളുന്നതാണ് 'ഫീ സബീലില്ലാഹി' എന്ന വകുപ്പ്....... ദൈവമാർഗം എന്നതിന്റെ വ്യാപ്തിയിൽ സൈനിക ഹോസ്പിറ്റലുകൾ സ്ഥാപിക്കുക, പൊതുക്ഷേമ ചികിത്സാലയങ്ങൾ സജ്ജീകരിക്കു

ക, വഴികൾ വെട്ടുക, അവ നന്നാക്കുക, കവചിത യുദ്ധക്കപ്പലുകൾ, യുദ്ധവിമാനങ്ങൾ, റോക്കറ്റുകൾ, കിടങ്ങുകൾ, കോട്ടകൾ എന്നിവയുടെ നിർമാണം എന്നിത്യാദി കാര്യങ്ങളെല്ലാം ഉൾപ്പെടുന്നു."

ഇസ്‌ലാമിന് സ്വന്തമെന്ന് അവകാശപ്പെടാവുന്ന പ്രസ്തുത വകുപ്പിൽ ലഭ്യമാകുന്ന സകാത്ത് വിഹിതം പോലും പൊതു നന്മക്ക് കൂടി ഉപകരിക്കും വിധമാണ് വിനിയോഗിക്കേണ്ടതെങ്കിൽ മറ്റ് വകുപ്പുകളുടെ കാര്യം പ്രത്യേകം പറയേണ്ടതില്ല. സകാത്ത് വിഹിതം സമുദായത്തിന്റെ ദാരിദ്ര്യ നിർമാർജനത്തിന് മാത്രമുള്ളതല്ല. മുഴുവൻ ജനങ്ങളുടെയും സർവതോമുഖമായ വളർച്ചയും പുരോഗതിയും ലക്ഷ്യമാക്കി കൈകാര്യം ചെയ്യപ്പെടേണ്ടതാണെന്ന പാഠം അധിക ഗവേഷണമാവശ്യമില്ലാത്ത ഖുർആനിക പാഠമാണെന്ന് ഇനിയും മനസ്സിലാക്കാതെ പോകരുത്.

## വിവാഹം

### പൊരുത്തവും പൊരുത്തക്കേടും

കുടുംബ ജീവിതത്തിന് ഇസ്‌ലാം ഏറെ വിലകൽപിക്കുന്നു. ആരോഗ്യകരമായ സമൂഹിക സംവിധാനത്തിന് ഭദ്രമായ കുടുംബവ്യവസ്ഥ അനിവാര്യമാണ്. സമൂഹത്തിലെ ചെറുതും സൗന്ദര്യമേറെയുള്ളതുമായ കുടുംബ സംവിധാനം വിവാഹത്തിലൂടെയാണ് രൂപപ്പെടുന്നത്. വിവാഹ ജീവിതം കേവലം ലൈംഗിക വേഴ്ചക്ക് അവസരമൊരുക്കുന്ന ചെറിയ കാര്യമല്ല. ആയുഷ്കാലം മുഴുവൻ ഒരുമിച്ച് ജീവിച്ച് പരസ്പരം സ്നേഹിച്ചും ആശ്വസിപ്പിച്ചും നിലനിൽക്കേണ്ട ഒരു ദൈവിക സ്ഥാപനമാണത്. കുടുംബ ജീവിതത്തിന്റെ അടിത്തറയിളക്കുന്ന എന്തിനെയും നിരാകരിക്കുന്നതോടൊപ്പം അതീവ ജാഗ്രതയോടെ സംരക്ഷിക്കപ്പെടേണ്ട മനുഷ്യ നിലനിൽപിന്റെ അടിസ്ഥാന മൂല്യമാണ് കുടുംബ സംവിധാനമെന്ന് ഇസ്‌ലാം നിരീക്ഷിക്കുന്നു.

കാരുണ്യവും സ്നേഹവും പങ്കുവെക്കുകയും മനസ്സിന് കുളിർമ പകരുകയും ചെയ്യുന്ന കുടുംബാന്തരീക്ഷമാണ് എല്ലാവരും ആഗ്രഹിക്കുന്നത്. ഇത് സാധ്യമാകണമെങ്കിൽ ആശയപരമായ സ്വരച്ചേർച്ചയും പൊരുത്തപ്പെടലുകളും അനിവാര്യമാണെന്നത് സർവാംഗീകൃതമാണ്. കമ്യൂണിസ്റ്റ്, ഹിന്ദു, ക്രിസ്ത്യാനി, യുക്തിവാദി, മുസ്‌ലിം തുടങ്ങി എല്ലാവരും ജീവിത പങ്കാളിയായി ആഗ്രഹിക്കുക തന്റെ ചിന്താവീക്ഷണങ്ങളോട് യോജിക്കുന്ന ഒരാളെത്തന്നെയായിരിക്കും. ഇത് മനുഷ്യസഹജവുമാണ്. ഈ മനുഷ്യപ്രകൃതത്തോടൊപ്പമാണ് ഇസ്‌ലാം നിലകൊള്ളുന്നത്. അതോടൊപ്പം കുടുംബ ഘടനയുടെ നൈരന്തര്യവും സർഗാത്മകതയും തകരാതിരിക്കാൻ ആവശ്യമായ വിട്ടുവീഴ്ചകളും നീക്കുപോക്കുകളും ഇസ്‌ലാം അനുവദിക്കുന്നുണ്ട്.

വൈവാഹിക ജീവിതത്തിൽ ആശയപ്പൊരുത്തം പരമ പ്രാധാന്യമർഹിക്കുന്നതോടൊപ്പം മനുഷ്യപ്രകൃതം മാനിച്ച് ചില വിട്ടുവീഴ്ചകളും ഉദാരസമീപനങ്ങളും ഇസ്‌ലാം അനുവദിക്കുന്നുണ്ട്. വേദക്കാരുമായി (അഹ്‌ലുകിതാബ്) വിവാഹബന്ധം ആകാമെന്ന ഖുർആനികാധ്യാപനം (*അൽമാഇദ* 5) ഇതിന്റെ ഭാഗമാണ്. എന്നാൽ മുശ്‌രിക്കുകളുമായി വിവാഹബന്ധം ഖുർആൻ വിലക്കുന്നുമുണ്ട് (*അൽബഖറ* 221). പ്രത്യക്ഷത്തിൽ പൊരുത്തക്കേട് തോന്നുന്ന ഈ നിലപാടിന്റെ പൊരുൾ വളരെ ലളിതമാണ്. പ്രവാചക കാലത്ത് ഇസ്‌ലാമിനോട് കഠിനശത്രുത വെച്ച് പുലർത്തുകയും യാതൊരുവിധ സഹകരണത്തിനും സന്നദ്ധരാകാതിരിക്കുകയും ചെയ്തവരായിരുന്നു മക്കാമുശ്‌രിക്കുകൾ. പ്രകടമായ ബഹുദൈവ സങ്കൽപം വെച്ച് പുലർത്തുന്ന ജൂത–ക്രൈസ്തവ വിഭാഗങ്ങളെ മുശ്‌രിക് എന്ന് പരിചയപ്പെടുത്താതിരുന്നതിന്റെ പൊരു

ളും ഇതു തന്നെയായിരിക്കാം.

സുഹ്ഫ് ഇബ്‌റാഹിം, സബൂര്‍, ശീത് എന്നീ വേദഗ്രന്ഥങ്ങള്‍ ലഭ്യമായ സമൂഹങ്ങള്‍, സാബിഉകള്‍, മജൂസികള്‍ തുടങ്ങി പൂര്‍വ സമൂഹങ്ങളെല്ലാം 'വേദക്കാര്‍' എന്ന പരിധിയില്‍ ഉള്‍പ്പെടുമെന്നാണ് ഇമാം അബൂഹനീഫയുടെ പക്ഷം. ഇവയെല്ലാം ഉള്‍പ്പെടുന്ന വിശാലമായ ഒരു പ്രയോഗമാണ് 'അഹ്‌ലു കിതാബ്.' ഉസ്മാന്‍, ത്വല്‍ഹ, ഇബ്‌നു അബ്ബാസ്, ജാബിര്‍, ഹുദൈഫ, സഈദ്ബ്‌നുല്‍ മുസയ്യബ്, സഈദ് ബ്‌നു ജുബൈര്‍, ഹസന്‍, മുജാഹിദ്, ത്വാവൂസ്, ഇക്‌രിമ, ശഅ്ബി, ളഹ്ഹാക് തുടങ്ങി സ്വഹാബി ത്വാബിഈ പണ്ഡിതന്മാരെല്ലാം ഇവരുമായി വിവാഹബന്ധമാകാമെന്ന അഭിപ്രായക്കാരാണ്.

ഖുര്‍ആനിലൂടെ അംഗീകരിക്കപ്പെട്ട ഈ പൊതുതത്ത്വം പ്രായോഗിക രംഗത്ത് അപൂര്‍വമായി മാത്രമേ പുലര്‍ന്നിട്ടുള്ളൂ. ഉസ്മാന്‍(റ) ഹറാസതുല്‍ കല്‍ബി എന്ന ക്രിസ്ത്യാനിയുടെ മകള്‍ നാഇലയെയും ഹുദൈഫ(റ) യമനിലെ ഒരു ജൂത വനിതയെയും വിവാഹം ചെയ്ത രണ്ട് സംഭവങ്ങള്‍ മാത്രമാണ് ഒരു വലിയ കാലയളവിനുള്ളില്‍ ഉദ്ധരിക്കപ്പെട്ടിട്ടുള്ളത്.

വിവാഹശേഷം ദമ്പതിമാരിലൊരാള്‍ മതം മാറിയാല്‍ അവര്‍ക്ക് ഒരുമിച്ച് ജീവിക്കാന്‍ പഴുതുകളില്ലാത്ത കര്‍മശാസ്ത്ര വീക്ഷണമാണ് പൊതുവെ നിലനില്‍ക്കുന്നത്. ഒരു ബഹുമത സമൂഹത്തില്‍ ഏറെ സങ്കീര്‍ണമാണ് ഈ പ്രശ്‌നം. പ്രവാചകന്റെ കാലത്ത് ഈ വക പ്രശ്‌നങ്ങള്‍ ഉണ്ടായപ്പോള്‍ സ്വീകരിച്ച നിലപാടുകളുടെ ചുവടുപിടിച്ച് വേണം ഇതിന്റെയും പരിഹാരം കാണാന്‍. ബഹുദൈവവിശ്വാസി-വേദക്കാര്‍ എന്ന വ്യത്യാസമില്ലാതെ ഭാര്യാഭര്‍ത്താക്കന്മാരില്‍നിന്നും പഴയ മതത്തില്‍തന്നെ നിലനില്‍ക്കുകയും പുതിയ മതം സ്വീകരിക്കുകയും ചെയ്തിരുന്നവര്‍ തുടര്‍ന്നും ദമ്പതിമാരായി തന്നെ ജീവിച്ച ധാരാളം സംഭവങ്ങള്‍ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്.

സ്വഫ്‌വാന്ബ്‌നു ഉമയ്യ എന്ന ബഹുദൈവവിശ്വാസിയുടെ ഭാര്യ വലീദ് ബ്‌നു മുഗീറയുടെ മകളായിരുന്നു. അവള്‍ മുസ്‌ലിമായതിന് ശേഷം പിന്നെയും കുറെ കാലം ഒരുമിച്ച് ജീവിച്ചതിന് ശേഷമാണ് ഭര്‍ത്താവ് മുസ്‌ലിമായത്. ഇക്‌രിമയുടെ ഭാര്യ ഉമ്മു ഹകീം മക്കാ വിജയ ഘട്ടത്തില്‍ മുസ്‌ലിമാവുകയും മുസ്‌ലിമല്ലാത്ത ഭര്‍ത്താവിന്റെ ഭാര്യയായി തന്നെ പിന്നെയും കുറെകാലം ജീവിച്ചതും ചരിത്ര ഗ്രന്ഥങ്ങളില്‍ കാണാം. ഹാരിസ്ബ്‌നു ഹാനിഅ് എന്ന ക്രിസ്ത്യാനിയുടെ നാല് ഭാര്യമാര്‍ മുസ്‌ലിമായതിന് ശേഷവും അവര്‍ ഒരുമിച്ച് തന്നെയാണ് ജീവിച്ചിരുന്നത്. അബൂസുഫ്‌യാനും അബ്ദുല്ലാഹിബ്‌നു ഉബയ്യും മുസ്‌ലിമായതിന് ശേഷം മുസ്‌ലിമല്ലാതിരുന്ന ഭാര്യമാരോടൊപ്പം ജീവിക്കുന്നതിനെ പ്രവാചകന്‍(സ) തടഞ്ഞിരുന്നില്ല.

ആദര്‍ശമാറ്റത്തിന് ശേഷവും ഒരുമിച്ച് ജീവിക്കാന്‍ മാത്രം ബന്ധം ദൃഢമാണെങ്കില്‍ അത് അറുത്തുമാറ്റുക എന്ന അരുംകൈ ഇസ്‌ലാമിന്റെ പ്രകൃതവുമായി ഇണങ്ങുന്നതല്ലെന്നാണ് ഈ സംഭവങ്ങള്‍ നല്‍കുന്ന പാഠം. മതംമാറ്റം ബന്ധം തുടരാനാവാത്ത വിധം രൂക്ഷമാകുന്ന ഘട്ടത്തില്‍ തല്‍ക്കാലം മാറിത്താമസിച്ച് പിന്നീട് അവരുടെ മനസ്സിണങ്ങിയാല്‍ ഒരുമിച്ച് ജീവിക്കാനുള്ള അവസരവും ഇസ്‌ലാം നിരാകരിക്കുന്നില്ല. പ്രവാചക പുത്രി സൈനബിനെ വിവാഹം ചെയ്തിരുന്നത് അബുല്‍ ആസ് എന്നയാളായിരുന്നു. സൈനബ് മുസ്‌ലിമായപ്പോള്‍ അദ്ദേഹം വിശ്വാസിയായിരുന്നില്ല. ആറ് വര്‍ഷത്തിന് ശേഷം അദ്ദേഹം മുസ്‌ലിമായപ്പോള്‍ പുനര്‍വിവാഹമില്ലാതെ തന്നെ പ്രവാചകന്‍ തന്റെ മകളെ അദ്ദേഹത്തിന് ഏല്‍പിച്ച് കൊടുക്കുകയാണ് ചെയ്തത്. ഈ സംഭവം ഉദ്ധരിച്ച് ശൈഖുല്‍ ഇസ്‌ലാം ഇബ്‌നു തൈമിയ്യ പറയുന്നു: "സ്ത്രീ ആദ്യം വിശ്വസിക്കുകയും പിന്നീട് കാലങ്ങള്‍ക്ക് ശേഷം ഭര്‍ത്താവ് വിശ്വാ

സിയാവുകയും ചെയ്യുമ്പോൾ അവരുടെ ദാമ്പത്യബന്ധം പഴയതു പോലെ തന്നെ തുടരുന്നതായിരിക്കും" (*അഹ്കാമു അഹ്ലുദ്ദിമ്മ;* ഇബ്നു തൈമിയ്യ).

ആശയപ്പൊരുത്തം വൈവാഹിക ജീവിതത്തിന്റെ കെട്ടുറപ്പിന് അത്യന്താപേക്ഷിതമാണെന്ന് അടിവരയിടുന്നതോടൊപ്പം, അവർക്കിടയിൽ സാധ്യമായ എന്ത് വിട്ടുവീഴ്ചയും ചെയ്ത് ബന്ധം നിലനിർത്തണമെന്ന സമീപനമാണ് ഇസ്‌ലാമിന്. ദമ്പതികളിൽ ഒരാൾ മതംമാറുമ്പോൾ അവലംബിക്കാവുന്ന നിലപാടാണിപ്പറഞ്ഞത്. എന്നാൽ മുസ്‌ലിമായ ഒരു സ്ത്രീയോ പുരുഷനോ ഇണയെ തെരഞ്ഞെടുക്കാൻ ഉദ്ദേശിക്കുമ്പോൾ അവലംബിക്കേണ്ടത് നേരത്തെ സൂചിപ്പിച്ച ഖുർആൻ സൂക്തത്തെ(*അൽബഖറ* 221) തന്നെയാണ്. ■

nadwihakeem@gmail.com